**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3361** **25-10-2021 - ൽ മറുപടിയ്ക്ക്**

**കോതമംഗലം, മണികണ്ഠംചാൽ, കല്ലേലിമേട് പ്രദേശങ്ങളിൽ പട്ടയം വ്യവസ്ഥയിൽ ഇളവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | **Shri. K. Rajan**<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിൽ കുട്ടമ്പുഴ വില്ലേജിൽ ഉൾപ്പെടുന്ന മണികണ്ഠംചാൽ, കല്ലേലിമേട് പ്രദേശങ്ങൾ റീസർവ്വേക്കുശേഷം തയ്യാറാക്കിയ ലിത്തോമാപ്പിൽ സെറ്റിൽമെന്റ് എന്നു രേഖപ്പെടുത്തിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രദേശങ്ങളിൽ നിലവിൽ എതെങ്കിലും ട്രൈബൽ കുടുംബങ്ങൾ താമസിക്കുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | ഇല്ല. ഈ പ്രദേശത്ത് പട്ടിക വർഗ്ഗക്കാരായ മുതുവാൻ വിഭാഗത്തിൽപ്പെട്ടവർ താമസിച്ച് വന്നിരുന്നതും 1970-ന് മുൻപ് തന്നെ ഈ വിഭാഗത്തിലുള്ളവർ താമസം മാറി പോയിട്ടുള്ളതുമാണ്. |
| (സി) | 1970-ന് മുൻപ് തന്നെ ഈ പ്രദേശങ്ങളിലെ ട്രൈബൽ കുടുംബങ്ങൾ ഇവിടെ നിന്നും മാറിപ്പോയിട്ടുള്ളത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ഇല്ല. ഈ പ്രദേശത്ത് പട്ടിക വർഗ്ഗക്കാരായ മുതുവാൻ വിഭാഗത്തിൽപ്പെട്ടവർ താമസിച്ച് വന്നിരുന്നതും 1970-ന് മുൻപ് തന്നെ ഈ വിഭാഗത്തിലുള്ളവർ താമസം മാറി പോയിട്ടുള്ളതുമാണ്. |
| (ഡി) | കേരള ഭൂമി പതിച്ചു നൽകൽ പ്രത്യേക ചട്ടങ്ങൾ 1993 പ്രകാരം 1.1.1977-ന് മുൻപ് പട്ടിക വർഗ്ഗത്തിൽപെട്ട വ്യക്തികളുടെ കൈവശത്തിലും അനുഭവത്തിലും ഉള്ളതും പിന്നീട് പട്ടികവർഗ്ഗക്കാരനല്ലാത്ത ഒരു വ്യക്തിക്ക് കൈമാറിയിട്ടുള്ളതുമായ ഭൂമിയിൽ പട്ടികവർഗ്ഗക്കാരല്ലാത്ത വ്യക്തികൾ 1.1.1977-ന് മുമ്പ് കുടിയേറിയിട്ടുള്ളതാണെങ്കിൽപോലും അയാൾക്ക് ഭൂമി പതിച്ചു നൽകുവാൻ പാടുള്ളതല്ല എന്ന വ്യവസ്ഥമൂലം കല്ലേലിമേട്, മണികണ്ഠംചാൽ പ്രദേശങ്ങളിൽ പട്ടയം നൽകുവാൻ കഴിയാത്ത സാഹചര്യത്തിൽ മേൽ പ്രദേശങ്ങളിലെ അംഗീകൃത സംയുക്ത പരിശോധന ലിസ്റ്റിൽപെട്ട ഭൂമിക്ക് പട്ടയം നൽകുന്നതിനായി മേൽവിവരിച്ച വ്യവസ്ഥയിൽ പ്രസ്തുത പ്രദേശങ്ങൾക്ക് പ്രത്യേക ഇളവ് നൽകുന്ന കാര്യം സർക്കാർ പരിഗണിക്കുമോ; വിശദമാക്കാമോ? | (ഡി) | ടി ഭൂമി പതിച്ചു നൽകുന്നതിലേയ്ക്ക് 02.06.2020 തീയതിയിലെ ജി.ഒ (സാധാ)നം.2020/2020/റവ നമ്പർ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നുവെങ്കിലും പ്രസ്തുത സർക്കാർ ഉത്തരവിലെ ചില നിബന്ധനകൾ ടി ഭൂമി പതിച്ചു നൽകുന്നതിന് വിഘാതം സൃഷ്ടിക്കുന്നതിനാൽ ടി വിഷയവുമായി ബന്ധപ്പെട്ട് ലാന്റ് റവന്യൂ കമ്മീഷണറോട് എറണാകുളം ജില്ലാ കളക്ടർ സ്പഷ്ടീകരണം ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ ടി ഭൂമി പതിച്ചു നൽകുന്നതുമായി ബന്ധപ്പെട്ട് WP(C)8083/2018 നമ്പരായി ഫാ.റോബിൻ പടിഞ്ഞാറേക്കുറ്റ് ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത കേസിൽ 25.08.2021 തീയതിയിൽ വിധിയായിട്ടുള്ളതാണ്. സ.ഉ.(സാധാ)നം.2020/2020-ന്റെ അടിസ്ഥാനത്തിൽ, മണികണ്ഠൻ ചാൽ പ്രദേശത്തെ ജനങ്ങളുടെ കൈവശഭൂമി പതിച്ചു നൽകുന്നതിനുള്ള അപേക്ഷയിൽ അടിയന്തിര നടപടി |

| | | | |
|---|---|---|---|
| | | | സ്വീകരിക്കുന്നതിനാണ് ടി കോടതി ഉത്തരവ് വന്നിട്ടുള്ളത്. കോടതി ഉത്തരവിന്റെ പശ്ചാത്തലത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണെന്ന് ലാന്റ് റവന്യൂ കമ്മീഷണർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ